# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 8044

24.07.2012-ലെ മറുപടിയ്ക്ക്

## സഹകരണ വിജിലൻസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ വകുപ്പിൽ വിജിലൻസ് സംവിധാനം എന്നാണ് നടപ്പിലാക്കിയത്; എന്തെല്ലാമായിരുന്നു ലക്ഷ്യങ്ങൾ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം ലഭ്യമാക്കാമോ; | (എ) 2.2.2008 ലെ ജി.ഒ.(എം.എസ്) നം.41/08/സഹ ഉത്തരവ് പ്രകാരമാണ് സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ വിജിലൻസ് സംവിധാനം രൂപീകൃതമായിട്ടുള്ളത്. വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം 14.3.2008 ൽ ആരംഭിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള സഹകരണ സ്ഥാപനങ്ങളിലെ പണാപഹരണം, സാമ്പത്തിക ക്രമക്കേടുകൾ, അഴിമതികൾ, മറ്റു ഗുരുതരമായ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശ പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട്, വ്യക്തമായ ശുപാർശയോടെ രജിസ്ട്രാർക്ക് സമർപ്പിയ്ക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. നാളിതുവരെ 227 പരാതികൾ അന്വേഷണത്തിന് വിജിലൻസ് വിഭാഗത്തിന് നൽകുകയും അന്വേഷണം പൂർത്തിയാക്കി 126 റിപ്പോർട്ടുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) "സഹകരണ വിജിലൻസ്" സംവിധാനത്തിന്റെ നിലവിലെ പ്രവർത്തനം | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ വിജിലൻസ് ആഫീസർക്ക് അന്വേഷണത്തിനായി നൽകിയിരുന്ന |

| | | | |
|---|---|---|---|
| | കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയില്പണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | | പരാതികളിൽ പലതും, അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ വളരെയധികം കാലതാമസം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ വിജിലൻസ് വിഭാഗം എത്ര കേസുകൾ കണ്ടുപിടിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ വിജിലൻസ് വിഭാഗം 31 പരാതികൾ സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ